**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 928** **30-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി എത്ര; ഇത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണോ; വ്യക്തമാക്കുമോ; | (എ) | 2019-20 വർഷത്തെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വനവിസ്തൃതി 11521.993 ച.കി.മീ ആണ്. ഇത് സംസ്ഥാനത്തെ ആകെ ഭൂവിസ്തൃതിയുടെ 29.65% മാണ്. ആയത് ദേശീയ ശരാശരിയേക്കാൾ 6.09 % കൂടുതൽ ആണ്. |
| (ബി) | കഴിഞ്ഞ സർക്കാർ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചു; ഈ സർക്കാർ നാളിതുവരെ ഒഴിപ്പിച്ച വനം കയ്യേറ്റത്തിന്റെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ലഭ്യമായ കണക്കുകൾ പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 97.156 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 13.55 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ ഇനി എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട് ; ഇത്തരത്തിലുള്ള കയ്യേറ്റം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കുമോ; | (സി) | വനം സർക്കിളുകളിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 01.01.1977 ന് ശേഷമുള്ള ആകെ 5004.821 ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിക്കുവാനുണ്ട്. വനാതിർത്തി നിർണ്ണയിച്ച് ജണ്ടകൾ സ്ഥാപിച്ചും, നിരന്തര ഫീൽഡ് പരിശോധന നടത്തിയും, വനംകയ്യേറ്റം നടത്തുന്നവർക്കെതിരെ വന നിയമ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കോടതിയിൽ സമർപ്പിച്ച് ശിക്ഷ ഉറപ്പാക്കുകയും ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കഴിഞ്ഞ പത്ത് വർഷത്തിനിടെ കാട്ടുതീമൂലം എത്ര ഹെക്ടർ വനം നശിച്ചുവെന്നാണ് വനം വകുപ്പ് കണക്കാക്കിയിട്ടുള്ളത്; | (ഡി) | കഴിഞ്ഞ 10 വർഷത്തിനിടെ നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം വനമേഖലയിൽ കാട്ടുതീ ബാധിച്ചതിന്റെ വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസ്സുകൾ തീർപ്പാകാതെ കിടക്കുന്നു; ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നതിനും കയ്യേറ്റക്കാരെ കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം 320 കേസ്സുകൾ തീർപ്പാക്കാനുണ്ട്. വനം കയ്യേറ്റക്കാരെ വനം നിയമപ്രകാരമുള്ള കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നു. കോടതിയുടെ പരിഗണനയിലുള്ള കേസുകളിൽ സർക്കാർ താൽപര്യം |

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുന്നതിനായി സർക്കാർ അഭിഭാഷകരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| വർഷം | ഏരിയ (ഹെക്ടർ) |
|---|---|
| 2012-13 | 2633 |
| 2013-14 | 1696 |
| 2014-15 | 1756 |
| 2015-16 | 2024 |
| 2016-17 | 2994 |
| 2017-18 | 1279 |
| 2018-19 | 1789 |
| 2019-20 | 716.64 |
| 2020-21 | 448.41 |
| 2021-22 | 308.63 |